# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4174 25.06.2018 ലെ മറുപടി**

**ആലപ്പാട് ഗ്രാമപഞ്ചായത്തിലെ കടലാക്രമണ പ്രതിരോധ പദ്ധതികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ : | | മാത്യു ടി. തോമസ് (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ആലപ്പാട് ഗ്രാമപഞ്ചായത്തിൽ ജലവിഭവ വകുപ്പിന്റെ ചുമതലയിൽ നടക്കുന്ന കടലാക്രമണ പ്രതിരോധ പദ്ധതികൾ ഏതെല്ലാമെന്ന് വിശദീകരിക്കുമോ; | (എ) | ആലപ്പാട് ഗ്രാമപഞ്ചായത്തിൽ നടക്കുന്ന കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ഐ.ആർ.ഇ. മൈനിംഗ് ഏരിയയിൽ വെള്ളാനതുരുത്തിൽ 34.0 കി.മീ.നും 35.00 കി.മീ.നും ഇടയിൽ പുലിമുട്ടുകളുടെ നിർമ്മാണം (ഐ.ആർ.ഇ.യുടെ ഫണ്ട് ഉപയോഗിച്ചുള്ള ഡെപ്പോസിറ്റ് പ്രവൃത്തി)<br>2. പറയ കടവ് 41.450 കി.മീ.മുതൽ 41.750 കി.മീ.നും ഇടയിൽ ജിയോബാഗ് ഉപയോഗിച്ചുള്ളതീരസംരക്ഷണം.<br>3. ചെറിയഴീക്കൽ 37.765 കി.മീ.മുതൽ 37.805 കി.മീ. വരെ 40 മീറ്റർ കടൽഭിത്തിയുടെ പുനർ നിർമ്മാണം |
| (ബി) | ഓഖി ദുരന്തത്തിൽ കടൽഭിത്തി തകർന്ന ഏതെല്ലാം പ്രദേശങ്ങളിൽ കരസംരക്ഷണത്തിനുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ; | (ബി) | ഓഖി ദുരന്തത്തിൽ കടൽഭിത്തി തകർന്ന പറയകടവ് പ്രദേശത്ത് ജിയോബാഗ് ഉപയോഗിച്ചുള്ള തീരസംരക്ഷണ പ്രവർത്തികൾ നടന്നു വരുന്നു. |
| (സി) | ഈ ഭാഗത്ത് പുലിമുട്ട് നിർമ്മിക്കുന്നതിനുവേണ്ടി ഏതെല്ലാം പദ്ധതികളുടെ പഠനം പൂർത്തീ കരിച്ചുവെന്നും എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ? | (സി) | ആലപ്പാട് പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ പുലിമുട്ട് നിർമ്മിക്കുന്നതിനാവശ്യമായ പദ്ധതികളുടെ വിശദമായ പഠനം നടത്തുന്നതിനുവേണ്ടിയുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ